LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പിൽ 3-ാം ഗ്രേഡ് ഓവർസീയർ തസ്തികയിലേക്കുള്ള നിയമനം

83 [240] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിൽ മൂന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകി;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ തസ്തികകളിലേക്ക് നിയമന നിരോധനം റദ്ദാക്കിയ സാഹചര്യത്തിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 301 പേർക്ക് ജനറൽ കാറ്റഗറിയിലും, മൂന്നുപേർക്ക് എസ്.സി./എസ്.റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയും 25 പേർക്ക് എസ്.റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് കാറ്റഗറിയിലും നിയമനം നൽകിയിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പിൽ വിവിധ തസ്തികകളിൽ ജീവനക്കാരുടെ എണ്ണം അധികം എന്നാണ് കണ്ടെത്തിയിട്ടുള്ളത്. അധികമെന്നു കണ്ടെത്തിയിട്ടുള്ള ജീവനക്കാരുടെ പുനർവിന്യാസം നടന്നുവരികയാണ്. ഈ പുനർവിന്യാസ പ്രക്രിയ പൂർത്തിയായശേഷം മാത്രമേ മൂന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിലുള്ള ഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയൂ.

(സി) ഒഴിവുകൾ ഉണ്ടെന്ന് കണ്ടെത്തിയാൽ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പിൽ 3-ാം ഗ്രേഡ് ഓവർസീയർ തസ്തികയിലേക്കുള്ള നിയമനം

84 [241] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ 3-ാം ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും ഇതുവരെയായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;